**കേരള കാർഷിക സർവ്വകലാശാല**
മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

അക്കാഡ് സി1/40092/2017 തിയ്യതി : 09 .08.2017

# അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തവനൂരിലെ കേളപ്പജി അഗ്രി.എഞ്ചിനീയറിംഗ് കോളേജിൽ 2017 അദ്ധ്യയന വർഷത്തേക്ക് ബി.ടെക് (അഗ്രി.എഞ്ചിനീയറിംഗ്) കോഴ്സിന് ഈഴവ വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്കും, ബി.ടെക് (ഫുഡ് എഞ്ചിനീയറിംഗ്) കോഴ്സിന് എസ്.സി. വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്കും 2017 ഓഗസ്റ്റ് 14 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

കേരള എൻട്രൻസ് പരീക്ഷ കമ്മീഷണർ 2017 ൽ നടത്തിയ എഞ്ചിനീയറിംഗ് പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് പ്രവേശനത്തിന് അർഹത. പ്രവേശനം ആഗ്രഹിക്കുന്നവർ 2017 ഓഗസ്റ്റ് 14 (തിങ്കളാഴ്ച്ച) രാവിലെ കൃത്യം 11 മണിക്ക് കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂരിലെ വെള്ളാനിക്കര മെയിൻ ക്യാംപസിലുള്ള കോ-ഓപ്പറേഷൻ & ബാങ്കിംഗ് മാനേജ്മെന്റ് (സി & ബി) കോളേജിൽ ഹാജരാകേണ്ടതാണ്. എൻട്രൻസ് പരീക്ഷ കമ്മീഷണർ നൽകിയിട്ടുള്ള റാങ്ക് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയ കാന്റിഡേറ്റ്സ് ഡാറ്റാ ഷീറ്റ്, യോഗ്യതകൾ തെളിയിക്കുന്ന അസ്സൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ കൈവശമുള്ള അപേക്ഷാർത്ഥികളെ മാത്രമെ സ്പോട്ട് അഡ്മിഷന് പരിഗണിക്കുകയുള്ളു. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ സർവ്വകലാശാല നിർദ്ദേശിക്കുന്ന ദിവസം തന്നെ ഫീസ് കോളേജിൽ ഒടുക്കേണ്ടതാണ്. മേൽ പറഞ്ഞ ദിവസം ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികളെ അഡ്മിഷന് പരിഗണിക്കുകയില്ല. സ്പോട്ട് അഡ്മിഷന് നിശ്ചിത രേഖകളുമായി കൃത്യ സമയത്ത് ഹാജരായിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും അവരുടെ എൻട്രൻസ് റാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും പ്രവേശനം. ടി.സി., സി.സി. എന്നിവ പ്രവേശനം നേടിയതിനുശേഷം മാത്രം ഹാജരാക്കിയാൽ മതിയാകും. 14.08.2017 ന് രാവിലെ 11 മണിക്ക് ശേഷം ഹാജരാകുന്ന വിദ്യാർത്ഥികളെ യാതൊരു കാരണവശാലും സ്പോട്ട് അഡ്മിഷൻ ഹാളിൽ പ്രവേശിപ്പിക്കുന്നതോ ഇതു സംബന്ധിച്ച് ഒരു വിധ പരാതികളും പരിഗണിക്കുന്നതോ അല്ല. സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച് യാതൊരു വിധ വ്യക്തിഗത അറിയിപ്പുകളും സർവ്വകലാശാല നൽകുന്നതല്ല.

ഡയറക്ടർ (അക്കാഡ് & പി.ജി.സ്റ്റഡീസ്

**രജിസ്ട്രാർക്കുവേണ്ടി**

P.K.A. - 09.08.2017